യ്ക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവു ന്നതാണ്.

130 (1349) ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡ് നിർമ്മാണം

<u>ശ്രീ. തോമസ് ചാഴികാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിവിഷനിൽ ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡ് തകർന്ന് യാത്രക്കാർ ദുരിതമനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾക്ക് ടെൻഡർ വിളിച്ച് കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) കരാറുകാരൻ ജോലി പൂർത്തിയാക്കാത്തതിന്റെ കാരണം അറി യിക്കുമോ;

(ഇ) കരാറുകാരൻ ഇതുവരെ ചെയ്ത ജോലികളും ഇനി പൂർത്തി യാക്കുവാനുള്ള ജോലികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ഈ റോഡിന്റെ നിർമ്മാണജോലികൾ എപ്പോൾ പൂർത്തി യാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ)& (ബി) ഉണ്ട്.

(സി) ഈ റോഡിന്റെ പണികൾ രണ്ട് റീച്ചായിട്ടാണ് ചെയ്യുന്നത്. ആദ്യ റീച്ചിന്റെ അടങ്കൽത്തുക 65,59,000 രൂപയാണ്. ഇതിന്റെ പണി 45% അധിക നിരക്കിൽ 2/96-ൽ എഗ്രിമെന്റ് വച്ച് തുടങ്ങിക്കഴിഞ്ഞു. രണ്ടാമത്തെ റീച്ചിന്റെ അടങ്കൽത്തുക 55,50,000 രൂപയാണ്. ഈ പണി 46.89% അധിക നിര ക്കിൽ 1/96-ൽ എഗ്രിമെന്റ്വച്ച് തുടങ്ങിയിട്ടുണ്ട്.

(ഡി) കരാറുകാരുടെ അലംഭാവം കാരണമാണ്.

(ഇ) ഒന്നാം റീച്ചിൽ പാലങ്ങളുടേയും കലുങ്കുകളുടേയും പണി ഭൂരി ഭാഗവും തീർന്നു. റോഡ് വീതികൂട്ടുന്ന പണി നടന്നുകൊണ്ടിരിക്കുന്നു. മെറ്റ ലിംഗിന്റേയും ടാറിംഗിന്റെയും പണി നടത്താനുണ്ട്. രണ്ടാം റീച്ചിൽ റോഡ് വീതികൂട്ടുന്ന ജോലിയും പാലങ്ങളുടെയും കലുങ്കുകളുടേയും ഭൂരിഭാഗം പണിയും തീർന്നു. മെറ്റലിംഗിന്റെ പണി ഭാഗികമായി തീർന്നു. ടാറിംഗി ന്റെയും മെറ്റലിംഗിന്റെയും കലുങ്കുകളുടെയും ബാക്കി പണി തീരാനുണ്ട്.

(എഫ്) കരാറുകാരുടെമേൽ നിയമപരമായ നടപടികൾ സ്വീകരിച്ച് എത്രയും വേഗം പണികൾ തീർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

131 (1350) അപ്രോച്ച് റോഡിന്റെ പണി

<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly